## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **04-10-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ് വാക്സിനേഷൻ യജ്ഞം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് ബാധിച്ച് മരണപ്പെടുന്നവരിൽ 90 ശതമാനവും വാക്സിനെടുക്കാത്തവരാണെന്നതിനാൽ സംസ്ഥാനത്ത് സമ്പൂർണ വാക്സിനേഷൻ യജ്ഞം ത്വരിതപ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര സർക്കാർ ആവശ്യാനുസരണം വാക്സിൻ ലഭ്യമാക്കാത്തത് വാക്സിനേഷൻ പൂർത്തീകരണത്തിനുള്ള കാലദൈർഘ്യം വർദ്ധിപ്പിക്കുന്നുണ്ടോ; വാക്സിൻ ലഭ്യതയിലെ കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്ത് ഊർജ്ജിതമാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിൻ ലഭ്യമായവരുടെ എണ്ണവും ശതമാനവും ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ പ്രതിരോധ കുത്തിവയ്പ്പ് താഴെ കാണിച്ചിരിക്കുന്നതുപോലെ ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ആദ്യ ഡോസ് വാക്സിനേഷൻ (% of eligible population) കേരളത്തിൽ 2,46,48,965 (92%) ഉം ഇന്ത്യയിൽ 64,77,45,605 (69%) ഉം രണ്ടാം ഡോസ് വാക്സിനേഷൻ കേരളത്തിൽ 1,08,55,907 (40%) ഉം ഇന്ത്യയിൽ 23,64,52,584 (25%) ഉം ആണ്. |
| (സി) | സർക്കാരിന്റെ ഇടപെടലിലൂടെ കോവിഡ് മഹാമാരിയിൽ നിന്നും ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാനായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇന്ത്യയിലെ തന്നെ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്ത നാൾ മുതൽ ഇതുവരെ കേരള സർക്കാർ വളരെ ശാസ്ത്രീയവും ചിട്ടയായതുമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിന്റെ ഫലമായി കേരളത്തിൽ മരണനിരക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറയ്ക്കുവാനായി സാധിച്ചിട്ടുണ്ട്. കേരളത്തിൽ ഒന്നാം തരംഗത്തിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് 2020 ഒക്ടോബർ മാസത്തിലാണ്. 2021-ൽ ഇത് മെയ് മാസത്തിലും ആയിരുന്നു. ഈ രണ്ടു കാലയളവിലും രോഗബാധ ഉച്ചസ്ഥായിയിലെത്തിക്കുന്നത് വൈകിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വേണ്ടിയും മരണനിരക്ക് കുറയ്ക്കുന്നതിനു വേണ്ടിയും ആരോഗ്യ വകുപ്പ് നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കുന്നതിനായി കോവിഡ് രോഗികളുമായി സമ്പർക്കത്തിൽ ഏർപ്പെട്ട ആളുകളെ കണ്ടെത്തി അവർക്ക് ക്വാറന്റീൻ, ടെസ്റ്റിംഗ് എന്നിവ നടപ്പിലാക്കി. ഇതു കൂടാതെ രണ്ടാം തരംഗത്തിൽ കേസുകൾ കൂടും എന്നുള്ളതുകൊണ്ട് ചികിത്സയ്ക്കാവശ്യമായ മുന്നൊരുക്കങ്ങൾ (ഓക്സിജൻ ബെഡ്, ഐ.സി.യു വെന്റിലേറ്റർ) ശക്തിപ്പെടുത്തി. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ കൂടാതെ CFLTC, CSLTC, DCL തുടങ്ങിയ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഓക്സിജന്റെ ആവശ്യകത കൂടുമെന്നതിനാൽ അതിന്റെ ലഭ്യത ഉറപ്പാക്കി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP എംപാനൽ ചെയ്ത രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സാ സൗകര്യം ഒരുക്കി. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്ക് ഐ.സി.യു ട്രെയിനിംഗ് ഉൾപ്പെടെയുള്ള വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി. ജനുവരി 18 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പിലാക്കി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിൻ നൽകിയ ഒരു സംസ്ഥാനമായി കേരളം മാറുകയുണ്ടായി. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധ തരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം പേരെ കോവിഡ് മഹാമാരിയിൽ നിന്നും രക്ഷിക്കാനായി എന്ന് ഐ.സി.എം.ആർ അടുത്തിടെ നടത്തിയ സീറോ സർവ്വേ ഫലം സൂചിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ